# പതിമൂന്നാം കേരള നിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 592 11.12.2012-ൽ മറുപടിയ്ക്ക്

## ഭൂവിനിയോഗ നിയമത്തിനുള്ള കരട് ബില്ല്

**ചോദ്യം**

ശ്രീ. കെ.വി. അബ്ദുൾ ഖാദർ

**ഉത്തരം**

ബഹു.ധനകാര്യ, നിയമ, ഭവനനിർമ്മാണ വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | നിയമവകുപ്പ് തയ്യാറാക്കിയ ഭൂവിനിയോഗ നിയമത്തിനുള്ള കരട് ബില്ല് ഏതെല്ലാം വകുപ്പുകളുടെ അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കുമായി അയച്ചുകൊടുക്കുകയുണ്ടായെന്ന് വെളിപ്പെടുത്താമോ? | ഭൂവിനിയോഗ നിയമത്തിനുള്ള കരട് ബില്ല് നിയമവകുപ്പ് തയ്യാറാക്കിയിട്ടില്ല. എമർജിംഗ് കേരള 2012 മായി ബന്ധപ്പെട്ട് പോളിസി ഇനിഷ്യേറ്റീവ്സ് ആൻറ് ലീഗൽ ചെയിഞ്ചസ് സംബന്ധിച്ച് രൂപീകരിച്ച കമ്മിറ്റി മുൻ നിയമ പരിഷ്കരണ കമ്മിറ്റി സർക്കാരിന് ശുപാർശ ചെയ്തിരുന്ന ഭൂവിനിയോഗത്തെ സംബന്ധിച്ച കരട് ബിൽ റവന്യൂ വകുപ്പിനും കൃഷി വകുപ്പിനും അഭിപ്രായങ്ങൾക്കും നിർദ്ദേശങ്ങൾക്കും അയച്ചുകൊടുത്തിരുന്നു. |
| (ബി) | റവന്യൂവകുപ്പ് പ്രസ്തുത ബില്ലിനെക്കുറിച്ച് നൽകിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും വിശദമാക്കാമോ: ആയതിൻെറ ഒരു പകർപ്പ് ലഭ്യമാക്കുമോ? | റവന്യൂ വകുപ്പിൻെറ അഭിപ്രായം അറിവിലേയ്ക്കായി ഇതിനോടനുബന്ധമായി ചേർക്കുന്നു. |

ഉത്തരവിൻ പ്രകാരം

(ഒപ്പ്)

സെക്ഷൻ ഓഫീസർ